അബ്ദുല്ല നദ്‌വി കൂറ്റൂർ

# ദാവൂദ് ത്വാഇയുടെ അനുകമ്പ

നിങ്ങൾ ഹാതിം ത്വാഇയെ കുറിച്ച് കേട്ടിട്ടുണ്ടാവും. ഉദാരതയിൽ അറബികൾ ഉദാഹരിക്കുന്നത് ഇദ്ദേഹത്തെയാണ്. മഹാ ധർമ്മിഷ്ഠനായിരുന്നു ഹാതിം ത്വാഇ. ഇദ്ദേഹത്തിന്റെ വംശപരമ്പരയിൽ പിറന്ന പ്രശസ്ത സൂഫിവര്യനാണ് ദാവൂദ് ത്വാഇ. അബ്ബാസിയാ ഖലീഫ മഹ്ദിയുടെ ഭരണകാലത്ത് ഇറാഖിലെ കൂഫയിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. മുഴുസമയവും ആരാധനകളിൽ കഴിച്ചുകൂട്ടിയ അദ്ദേഹം സാമൂഹ്യ പ്രതിബദ്ധതയുള്ള സൂഫിയായിരുന്നു. ഉദാരതയുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ ഒരു കഥയുണ്ട്.



ദാവൂദ് ത്വാഇ മാംസാഹാരം കഴിച്ചിട്ട് ആഴ്ചകൾ പിന്നിട്ടു. അദ്ദേഹത്തിന് മാംസം കഴിക്കാൻ വല്ലാത്ത കൊതിയായി. അദ്ദേഹം അങ്ങാടിയിൽ പോയി മാംസം കൊണ്ടുവന്ന് ഉമ്മയെ ഏൽപ്പിച്ചു. വേണ്ടപോലെ മസാലയെല്ലാം ചേർത്ത് രുചികരമായിത്തന്നെ ഉമ്മ അത് പാകം ചെയ്തു. താമസിയാതെ അദ്ദേഹത്തിന്റെ മുന്നിൽ റൊട്ടിയും മാംസവും വിളമ്പിവെച്ചു. കൈയും മുഖവും കഴുകി കഴിക്കാൻ ഇരുന്നപ്പോൾ അയൽപക്കത്തെ അനാഥമക്കളുടെ ദയനീയ ചിത്രം ദാവൂദിന്റെ മനോമുകുരത്തിൽ തെളിഞ്ഞുവന്നു. അദ്ദേഹം ഉമ്മയോട് ചോദിച്ചു: ''ഉമ്മാ, ആ അനാഥ മക്കളുടെ അവസ്ഥയെന്താണ്? അവർ മാംസം കഴിച്ചുകാണുമോ?''

ഉമ്മ പറഞ്ഞു: ''ഇത്രയും കാലം നീ അനാഥകളെയും അഗതികളെയും സംരക്ഷിക്കുകയായിരുന്നില്ലേ.. അവർ മാംസം കഴിച്ചില്ലെന്നോർത്ത് എന്തിന് തല പുകക്കുന്നു? അവർ കഴിച്ചില്ലെങ്കിൽ നീയും മാംസം കഴിച്ചിട്ട് കുറെയായില്ലേ...''

ദാവൂദ് പറഞ്ഞു: ''വേണ്ട ഉമ്മാ, നിങ്ങൾ ഇത് ആ അനാഥ മക്കൾക്ക് കൊടുക്കുക.'' ഉമ്മ പറഞ്ഞു: ''ഇന്ന് ഈ മാംസം മോൻ കഴിക്കൂ... അവർക്ക് നൽകുന്നത് പിന്നീടൊരിക്കലാകാം.''

ദാവൂദ് പറഞ്ഞു: ''ഇല്ല, ഞാനിത് കഴിക്കുകയില്ല. നിങ്ങളിത് അവർക്ക് നൽകുക. അവർ കഴിച്ചാൽ അത് അല്ലാഹുവിന്റെ അടുക്കൽ ബാക്കിയുണ്ടാകും. ഞാൻ കഴിച്ചത് മണ്ണായി മാറും.''

ദാവൂദ് മാംസം തൊടാൻ വിസമ്മതിച്ചപ്പോൾ ഉമ്മ അത് ആ കുട്ടികൾക്ക് എത്തിച്ചുകൊടുത്തു. മനസ്സിൽ കൊതിയുണ്ടായിട്ടും ആ സൂഫിവര്യൻ പാവങ്ങളെയാണ് പരിഗണിച്ചത്. കൈവശമുള്ളത് സ്വയം ഉണ്ണാൻ കൊതിക്കുമ്പോഴും അത് അനാഥകളെയും അഗതികളെയും ഊട്ടുന്നവരാണ് അല്ലാഹുവിന്റെ യഥാർഥ ദാസൻമാരെന്ന് വിശുദ്ധ ഖുർആനിൽ കാണാം.